File No.LSGD-EW3/105/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീ. അബ്ദുൾ റഹിം എ., ശ്രീ. ജസ്വന്ത് എം. സി., ശ്രീ. ബിജു കെ. എന്നിവരുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യൂ-എ) വകുപ്പ്

G.O.(Rt) No.1956/2020/LSGD — തീയതി,തിരുവനന്തപുരം, 19/10/2020

---

പരാമർശം:- 1 സ. ഉ. (സാധാ) നം.2218/2018/തസ്വഭവ തീയതി 09.08.2018.

2 സ. ഉ. (സാധാ) നം.2269/2018/തസ്വഭവ തീയതി 17.08.2018.

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12.03.2020-ലെ ഇ1/12872/2018/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശ ഉത്തരവുകൾ പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. അബ്ദുൾ റഹിം എ., ശ്രീ. ജസ്വന്ത് എം. സി., ശ്രീ. ബിജു കെ. എന്നിവർ യഥാക്രമം 29.08.2018 പൂർവ്വാഹ്നം, 13.08.2018 അപരാഹ്നം, 23.08.2018 പൂർവ്വാഹ്നം, എന്നീ തീയതികളിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. ടിയാളുകളുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു.

ശ്രീ. ജസ്വന്ത് എം. സി. പ്രൊബേഷൻ കാലയളവിൽ 17 ദിവസത്തെ പരിവർത്തനാവധി വിനിയോഗിച്ചിട്ടുണ്ട്. ശ്രീ.അബ്ദുൾ റഹിം എ., ശ്രീ. ബിജു കെ. എന്നിവർ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ല. ടി ഉദ്യോഗസ്ഥരുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് ഉന്നതാധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശ്രീ.അബ്ദുൾ റഹിം എ., ശ്രീ. ജസ്വന്ത് എം. സി., ശ്രീ. ബിജു കെ. എന്നീ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം യഥാക്രമം 01.03.2019, 02.03.2019, 23.02.2019 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GOPAKUMAR U
UNDER SECRETARY

പകർപ്പ് :

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

(മറുപുറം)

ഉത്തരവിൻ പ്രകാരം
Signature valid

Digitally signed by
SREEKANTH S
Date: 2020.[illegible] 13:08:01 IST
Reason: Approved

സെക്ഷൻ ഓഫീസർ